11
2026
മാർച്ച്
ബുധൻ
കുംഭം 27

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 57 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-57 | പേജ് 4. വില 2.00 രൂപ




02 ഇതും ഇന്ത്യയിൽ ആദ്യം: ആദ്യമായി ലമെല്ലാർ കേരടോപ്ലാസ്റ്റി

03 നിക്ഷേപ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കാനായി: മന്ത്രി പി. രാജീവ്

04 ഗ്യാസ് സിലിണ്ടറുകളുടെ പൂഴ്ത്തിവയ്പിനെതിരെ കർശന നടപടി

# ഓൺലൈൻ തട്ടിപ്പ്: പുതിയ നിർദേശങ്ങളുമായി ആർബിഐ

കൊല്ലം : സഹകരണ ബാങ്കിംഗ് മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ വ്യാപകമാകുന്ന പശ്ചാത്തലത്തിൽ, ഓൺലൈൻ തട്ടിപ്പുകളിൽനിന്നും ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിന് കർശന മാർഗനിർദേശങ്ങളുമായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ.

അർബൻ കോഓപ്പറേറ്റീവ് ബാങ്കുകൾക്കും ഗ്രാമീണ സഹകരണ ബാങ്കുകൾക്കുമായി തയാറാക്കിയ പുതിയ കരട് ഭേദഗതി നിർദേശങ്ങൾ ആർബിഐ പുറത്തിറക്കി. ഡിജിറ്റൽ ബാങ്കിംഗ് ഉപയോഗം ഗ്രാമപ്രദേശങ്ങളിലുൾപ്പെടെ വർധിച്ചുവരുന്ന സാഹചര്യത്തിൽ സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ കുറ്റമറ്റതാക്കുകയാണ് ലക്ഷ്യം.

പുതിയ നിർദേശപ്രകാരം, 500 രൂപയിൽ കൂടുതലുള്ള എല്ലാ ഇലക്ട്രോണിക് ഇടപാടുകൾക്കും സഹകരണ ബാങ്കുകൾ നിർബന്ധമായും എസ്എംഎസ് അലേർട്ടുകൾ അയച്ചിരിക്കണം. ഇമെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്ക് ഇമെയിൽ വഴിയും അറിയിപ്പ് നൽകണം.




സംശയാസ്പദമായ ഇടപാടുകൾ നടന്നാൽ ഉപഭോക്താക്കൾക്ക് അത് ഉടൻ റിപ്പോർട്ട് ചെയ്യാൻ സാധിക്കുന്ന തരത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ സംവിധാനങ്ങൾ ബാങ്കുകൾ ഒരുക്കണം. ടോൾ ഫ്രീ നമ്പറുകൾ, ഐവിആർ സംവിധാനങ്ങൾ, എസ്എംഎസ്, പ്രത്യേക ഇമെയിൽ വിലാസങ്ങൾ എന്നിവ വഴി തടസങ്ങളില്ലാതെ പരാതി നൽകാനുള്ള സൗകര്യമാണ് ഒരുക്കേണ്ടത്.

അനധികൃത ഇടപാടുകളിൽ ഉപഭോക്താവിനുള്ള ബാധ്യത സംബന്ധിച്ചും ചട്ടങ്ങളിൽ വ്യക്തത വരുത്തിയിട്ടുണ്ട്. ബാങ്കിൻറെ ഭാഗത്തുനിന്നുള്ള അശ്രദ്ധയോ സാങ്കേതികമായ പോരായ്മയോ മൂലമാണ് തട്ടിപ്പ് നടന്നതെങ്കിൽ അതിൻറെ പൂർണ ഉത്തരവാദിത്തം ബാങ്കിനായിരിക്കും. ഉപഭോക്താവിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകില്ല. വഞ്ചനാപരമായ ഇടപാട് നടന്ന് അഞ്ച് ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്താലും ഉപഭോക്താവ് പിഴവുകൾക്ക് ഉത്തരവാദിയാകില്ല.

ഫിഷിംഗ്, സോഷ്യൽ എഞ്ചിനീയറിംഗ് തുടങ്ങിയ തന്ത്രങ്ങളിലൂടെ ക്രെഡൻഷ്യലുകൾ കൈക്കലാക്കി നടത്തുന്ന തട്ടിപ്പുകളെയും പുതിയ നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പരാതി ലഭിച്ചാൽ 30 ദിവസത്തിനുള്ളിൽ ബാങ്കുകൾ പരിഹാരം കാണണമെന്നും ആർബിഐ നിർദേശത്തിൽ പറയുന്നു.



മുഖ്യാതിഥിയായ അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ഭായി തമ്പുരാട്ടി ഭദ്രദീപം തെളിച്ച് ഉദ്ഘാടനം നിർവ്വഹിക്കുന്നു എംഡി യും സിഇഒ യുമായ കേണൽ രാജീവ് മണ്ണാളി പരിപാടിയുടെ അധ്യക്ഷത വഹിച്ചു.

# 'ഗിഫ്റ്റ് ഓഫ് കേൾസ് ഷീ ഹൂ ഗിവ്സ്, ഗെയ്ൻസ്" വിജയകരമായി സംഘടിപ്പിച്ച് പട്ടം എസ് യു ടി

തിരുവനന്തപുരം: എസ് യു ടി പട്ടം സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രിയിൽ അന്താരാഷ്ട്ര വനിതാദിനം 2026ന്റെ ഭാഗമായി 'ഗിഫ്റ്റ് ഓഫ് കേൾസ് ഷീ ഹൂ ഗിവ്സ്, ഗെയ്ൻസ്' എന്ന പരിപാടി മാർച്ച് 7ന് എസ് യു ടി ആശുപത്രി പരിസരത്തുള്ള 'സുഗതവനം' വേദിയിൽ സംഘടിപ്പിച്ചു.

ആശുപത്രിയുടെ എംഡിയും സിഇഒ യുമായ കേണൽ രാജീവ് മണ്ണാളി പരിപാടിയുടെ അധ്യക്ഷത വഹിച്ചു. മുഖ്യാതിഥിയായ അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ഭായി തമ്പുരാട്ടി ഭദ്രദീപം തെളിച്ച് ഉദ്ഘാടനം നിർവ്വഹിക്കുകയും ഉദ്ഘാടന പ്രസംഗം നടത്തുകയും ചെയ്തു. പ്രധാന അഥിതി ഡെപ്യൂട്ടി മേയർ ആശാ നാഥ് ജി എസ് പരിപാടിയെ അഭിസംബോധന ചെയ്ത് സംസാരിച്ചു. പരിപാടിയുടെ പ്രധാന ആകർഷണമായ 'ഗിഫ്റ്റ് ഓഫ് കേൾസ് ക്രൗണിംഗ് ഹോപ്പ്' പദ്ധതിയുടെ ഭാഗമായി ആശുപത്രി കഴിഞ്ഞ വർഷം നടത്തിയ കേശദാന ക്യാമ്പെയ്നിലൂടെ സമാഹരിച്ച മുടിയിൽ നിന്ന് നിർമ്മിച്ച വിഗ്ഗുകൾ കാൻസർ രോഗികൾക്ക് വിതരണം ചെയ്തു. ഇതിലൂടെ കാൻസർ ചികിത്സയിലൂടെ കടന്നുപോകുന്ന രോഗികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യമെന്ന് എം ഡി കേണൽ രാജീവ് മണ്ണാളി അറിയിച്ചു. സ്വസ്തി ഫൗണ്ടേഷന്റെയും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് (സി ഐ ഐ), തിരുവനന്തപുരം സോണിന്റെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

2026ലെ വനിതാ കേന്ദ്രീകൃത സാമൂഹിക പ്രവർത്തനങ്ങളുടെ പ്രഖ്യാപനം ഡോ പി ലക്ഷ്മി അമ്മാൾ (സീനിയർ കൺസൾട്ടന്റ് ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി) നടത്തി. സമൂഹത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ സ്ത്രീകളെയും എസ് യു ടി ആശുപത്രിയിലെ '(ഷീ)റോസ്'മാരെയും ചടങ്ങിൽ ആദരിച്ചു.

പരിപാടിയുടെ ഭാഗമായി ടാലന്റ് എക്സ്പോയും എക്സിബിഷൻസെയിൽസ് കാർണിവലും സംഘടിപ്പിച്ചു.

# പെന്തക്കോസ്ത് സഭയെ സർക്കാർ അംഗീകരിച്ചു

തിരുവനന്തപുരം: പെന്തക്കോസ്ത് സഭകളെ ക്രൈസ്തവ സഭാ വിഭാഗമായി അംഗീകരിക്കാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചു. പെന്തകോസ്ത് ക്രൈസ്തവർ ഉൾപ്പെടെയുള്ള എസ്സിസിസി, പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾ നേരിടുന്ന വിവിധ വിഷയങ്ങൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാൻ ഐഎഎസ് ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. ബിശ്വനാഥ സിൻഹ, ടി.വി.അനുപമ, ജെറോമിക് ജോർജ് എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.

അതിദാരിദ്ര്യ നിർമ്മാർജനാനന്തര പദ്ധതി; വിശദ മാർഗ്ഗരേഖ അംഗീകരിച്ചു. അതിദാരിദ്ര്യ നിർമാർജനാനന്തര പദ്ധതിയുടെ വിശദ മാർഗരേഖ മന്ത്രിസഭായോഗം അംഗീകരിച്ചു. നവംബർ ഒന്നിന് അതിദാരിദ്ര്യ നിർമാജന പ്രഖ്യാപന വേളയിൽ അതിദാരിദ്ര്യ നിർമാർജനാനന്തര പദ്ധതി (ഋജഋജ 2.ഛ) പ്രഖ്യാപിച്ചിരുന്നു. അതിദരിദ്രർക്ക് തൊട്ടുമുകളിൽ വരുന്ന വിഭാഗത്തെ കേവല ദാരിദ്ര്യത്തിൽ നിന്നും പടികയറ്റുക എന്ന ലക്ഷ്യമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. അതിദാരിദ്ര്യ മുക്തരായ കുടുംബങ്ങൾ വീണ്ടും അതിദാരിദ്ര്യത്തിലേക്ക് പ്രവേശിക്കില്ല എന്ന് ഉറപ്പാക്കാനുള്ള സുസ്ഥിര ഇടപെടലുകളും സർക്കാർ ലക്ഷ്യമിടുന്നു. കേരള സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ സംസ്ഥാനത്തെ മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ തടയുന്നതിനും അന്വേഷിക്കുന്നതിനും എക്സൈസ് വകുപ്പിന് കീഴിൽ, കേരള സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ എന്ന ഏജൻസി രൂപീകരിക്കും.

# കോവിഡ് വാക്സിൻ പാർശ്വഫലങ്ങൾ; നഷ്ടപരിഹാര നയം രൂപീകരിക്കാൻ സുപ്രീംകോടതി നിർദേശം

ന്യൂഡൽഹി: കോവിഡ് വാക്സിൻ സ്വീകരിച്ചതിനെത്തുടർന്ന് പാർശ്വഫലങ്ങൾ അനുഭവപ്പെട്ടവർക്കും ജീവൻ നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകുന്നതിനായി സമഗ്രമായ ഒരു നയം രൂപീകരിക്കാൻ കേന്ദ്ര സർക്കാരിനോട് സുപ്രീംകോടതി ആവശ്യപ്പെട്ടു. വാക്സിനേഷൻ മൂലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളോ മരണമോ സംഭവിച്ച കേസുകളിൽ കൃത്യമായ മാർഗനിർദ്ദേശങ്ങൾ ആവശ്യമാണെന്ന് കോടതി നിരീക്ഷിച്ചു.

വാക്സിൻ എടുത്തതിനു ശേഷം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ സർക്കാരിന് ഉത്തരവാദിത്തമുണ്ടെന്ന് സുപ്രീംകോടതി ബെഞ്ച് വ്യക്തമാക്കി. നിലവിൽ ഇത്തരം കേസുകളിൽ സഹായം നൽകുന്നതിൽ വ്യക്തതയില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. എത്ര രൂപ നഷ്ടപരിഹാരം നൽകണം, ആർക്കൊക്കെയാണ് ഇതിന് അർഹതയുള്ളത് തുടങ്ങിയ കാര്യങ്ങളിൽ കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സത്യവാംഗ്മൂലം സമർപ്പിക്കാൻ ജസ്റ്റിസുമാരടങ്ങിയ ബെഞ്ച് കേന്ദ്ര സർക്കാരിനോട് നിർദേശിച്ചു. വാക്സിൻ സ്വീകരിച്ചതിനെത്തുടർന്ന് മരിച്ചവരുടെ കുടുംബാംഗങ്ങൾ സമർപ്പിച്ച ഹർജികളിലാണ് കോടതിയുടെ ഈ ഇടപെടൽ. വാക്സിൻ പാർശ്വഫലങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിലും നിരീക്ഷിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടുവെന്നും ഹർജിക്കാർ ആരോപിച്ചു. വാക്സിനേഷൻ ജനങ്ങളുടെ ജീവൻ രക്ഷിക്കാനാണ് നടപ്പിലാക്കിയതെന്നും പാർശ്വഫലങ്ങൾ വളരെ അപൂർവമായ കേസുകളിൽ മാത്രമാണ് സംഭവിക്കുന്നതെന്നും സർക്കാർ മുൻപ് കോടതിയെ അറിയിച്ചിരുന്നു.




# നരേന്ദ്രമോദി കേരളത്തിൽ; കൊച്ചിയിൽ ഗതാഗത നിയന്ത്രണം

കൊച്ചി: പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ കേരളത്തിൽ. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് ബുധനാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം അഞ്ച് വരെ നെടുമ്പാശേരി മുതൽ മുട്ടം വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

അങ്കമാലി ഭാഗത്ത് നിന്ന് ആലുവയിലേക്ക് വരുന്ന ചരക്ക് വാഹനങ്ങൾക്ക് നിയന്ത്രണമുണ്ട്. ഇതുവഴി വരുന്ന വലിയ വാഹനങ്ങളും ചരക്ക് വാഹനങ്ങളും അങ്കമാലി കാലടി എംസി റോഡ് വഴി പോകേണ്ടതാണെന്ന് പോലീസ് അറിയിച്ചു. ആലുവ മുതൽ മുട്ടം വരെയുള്ള മെട്രോ യാത്രക്കാരെയും നിയന്ത്രണം ബാധിക്കും. രാവിലെ പത്തിനും വൈകിട്ട് നാലിനും ഇടയിൽ മെട്രോ യാത്രകൾക്കും നിയന്ത്രണമുണ്ടാകും.





മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരത്തിന്റെ വിതരണോദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കുന്നു

# നാലുവർഷ ബിരുദം: ഭിന്നശേഷിക്കാർക്കായി പ്രത്യേക മൂല്യനിർണയ രീതികൾ നടപ്പാക്കുമെന്ന് മന്ത്രി ആർ. ബിന്ദു

വിദ്യാർത്ഥികളിൽ ജ്ഞാനം, നൈപുണി, അഭിരുചി എന്നിവ ഉറപ്പുവരുത്തി മുന്നോട്ടുപോകുന്ന നാലുവർഷ ബിരുദ പരിപാടിയിൽ ഒരേ രീതിയിലുള്ള മൂല്യനിർണയരീതികൾ പ്രയോഗിക്കുന്നത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വലിയ പരിമിതികൾ സൃഷ്ടിക്കുന്നുണ്ടെന്നും അതിനാൽ അവർക്കായി സർക്കാർ പ്രത്യേക പരീക്ഷാ-മൂല്യനിർണയ രീതികൾ നടപ്പാക്കുമെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു സെക്രട്ടേറിയറ്റ് പി.ആർ ചേബറിൽ നടന്ന വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

കേരളത്തെ ഒരു ജനപക്ഷ ജ്ഞാന സമൂഹമാക്കി പരിവർത്തനം ചെയ്യുന്നതിൽ വലിയ പങ്കുവഹിക്കുകയാണ് നാലുവർഷ ബിരുദ കോഴ്സുകൾ. ഇതിൽ നിർണായക പങ്ക് വഹിക്കുന്നതാണ് മൂല്യനിർണയ രീതികൾ. സമയപരിധിയുള്ള എഴുത്തുപരീക്ഷകൾ, വാചികാവതരണങ്ങൾ, പരമ്പരാഗത പ്രായോഗിക പരീക്ഷകൾ, അതിവേഗ പ്രതികരണം ആവശ്യമായ മൂല്യനിർണയ രീതികൾ തുടങ്ങിയ പരമ്പരാഗത മൂല്യനിർണയ രീതികൾ ഭിന്നശേഷി വിഭാഗത്തിലെ ചില വിദ്യാർത്ഥികൾക്ക് ഘടനാപരമായ തടസ്സങ്ങളുണ്ടാക്കുന്നു. ഇത് അവരുടെ അറിവിന്റെയോ കഴിവിന്റെയോ കുറവുകൊണ്ടല്ലെന്നും പരീക്ഷയുടെ രൂപകൽപ്പനയും രീതിയും അവരുടെ പഠനാവശ്യങ്ങൾക്കനുസരിച്ച് രൂപപ്പെടുത്താതിനാലാണെന്നും മന്ത്രി പറഞ്ഞു.

ഈ തിരിച്ചറിവിൽ കാഴ്ചപരിമിതർ, ശ്രവണപരിമിതർ, ചലനപരിമിതർ, സംസാര-ഭാഷാ വൈകല്യം, എ.ഡി.എച്ച്.ഡി, ഓട്ടിസം, മാനസിക വെല്ലുവിളി, പ്രത്യേക പഠന വൈകല്യം, ബൗദ്ധിക വൈകല്യം, തുടങ്ങിയ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പരീക്ഷാ-മൂല്യനിർണയ രീതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അടുത്ത അക്കാദമിക് വർഷം മുതൽ ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ഇതുമായി ബന്ധപ്പെട്ട വിശദമായ മാതൃകാമാർഗരേഖ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവഹണ സെൽ തയ്യാറാക്കിയിട്ടുണ്ട്. അത് തുടർനടപടികൾക്കായി സർവകലാശാലകൾക്ക് നൽകും. യുജിസിയും ഇതുമായി ബന്ധപ്പെട്ട ഒരു രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർവകലാശാലകളും മറ്റു ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതിനെ അടിസ്ഥാനമാക്കി മാർഗനിർദേശങ്ങൾ തയ്യാറാക്കും.

നിരന്തരമായ ഇന്റേണൽ പരീക്ഷകളിലും സെമസ്റ്റർ പരീക്ഷകളിലും മാറ്റങ്ങൾ കൊണ്ടുവരും. ഉദാഹരണമായി, അസൈൻമെന്റുകൾ എഴുതി നൽകുന്നതിന് പകരം ഓഡിയോ സബ്മിഷനുകൾ, വീഡിയോ പ്രസന്റേഷനുകൾ, റെക്കോർഡ് ചെയ്ത വാചിക വിശദീകരണങ്ങൾ എന്നിവ നടപ്പിലാക്കാനാവും.

സാധ്യമാകുന്ന മേഖലകളിൽ സാങ്കേതിക വിദ്യയുടെ സഹായം പരമാവധി ഉപയോഗിക്കുകയെന്നതാണ് പിന്തുടരാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഉദാഹരണമായി, ഗണിതശാസ്ത്രത്തിൽ, ചലന വൈകല്യം ഉള്ളതിനാൽ എഴുത്ത് ബുദ്ധിമുട്ടുള്ള ഒരു വിദ്യാർത്ഥിക്ക് വ്യത്യസ്ത രീതികളിലൂടെ തന്റെ പഠനക്ഷമത പ്രകടിപ്പിക്കാം. ഡിജിറ്റൽ റൈറ്റിംഗ് ബോർഡ് ഉപയോഗിച്ച് പ്രശ്നപരിഹാരത്തിന്റെ ഘട്ടങ്ങൾ വിശദീകരിക്കുക, അല്ലെങ്കിൽ സമവാക്യങ്ങൾ പരിഹരിക്കുന്ന നടപടിക്രമം സ്ക്രീൻ റെക്കോർഡിംഗ് വഴി വിശദീകരിച്ച് അവതരിപ്പിക്കുക തുടങ്ങിയ ബദൽ മാർഗങ്ങൾ ഉപയോഗിക്കാവുന്നതാണ്. രസതന്ത്രത്തിൽ, രാസബന്ധങ്ങളെ വിശദീകരിക്കുന്ന ഒരു ദൃശ്യാധിഷ്ഠിത പഠന മോഡ്യൂൾ തയ്യാറാക്കുക, അല്ലെങ്കിൽ സബ്ടൈറ്റിലുകളോടുകൂടിയ ഒരു ചെറിയ നിർദേശാത്മക വീഡിയോ തയ്യാറാക്കുക എന്നിങ്ങനെ മാറ്റങ്ങൾ കൊണ്ടുവരും.സെമസ്റ്റർ പരീക്ഷക്ക് അധിക സമയം, സഹായക ഉപകരണങ്ങളുടെ ഉപയോഗം, മാറ്റിയ ചോദ്യമാതൃകകൾ, പ്രത്യേക പരീക്ഷാ ഹാളുകളുടെ സൗകര്യം തുടങ്ങിയ വ്യത്യസ്ത രീതികൾ ഉപയോഗിക്കാനാവും. നിലവിലെ സ്ക്രൈബിന്റെ സഹായം തേടുന്ന രീതിയും തുടരാം. വിദ്യാർത്ഥികളുടെ പശ്ചാത്തലവും കോളേജിലെ സൗകര്യവും ഉപയോഗിച്ച് ഏറ്റവും മെച്ചപ്പെട്ട രീതി ഉപയോഗിക്കാനുള്ള അധികാരം അധ്യാപകർക്ക് നൽകും.

പിഡബ്ല്യിയുഡി (ജംഉ) വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി അനുയോജ്യമായ, സൗകര്യപ്രദമായ മൂല്യനിർണയ രീതികൾ സ്വീകരിക്കുന്നത് ഒരു ഇളവായല്ല നൽകുന്നത്, മറിച്ച് ഇൻക്ലൂസിവ് വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടിലും വിദ്യാർത്ഥികളുടെ അവകാശങ്ങളിലും അടിസ്ഥാനമാക്കിയുള്ള അനിവാര്യതയും നിയമപരമായ ബാധ്യതയും കൂടിയാണ്. വിദ്യാഭ്യാസ നിലവാരം കുറയ്ക്കുകയല്ല, വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകളും പ്രാവീണ്യങ്ങളും ഫലപ്രദമായി പ്രകടിപ്പിക്കാൻ കഴിയുന്ന വിധത്തിൽ ഘടനാപരമായ തടസ്സങ്ങൾ നീക്കം ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

# നാലുവർഷ ബിരുദ പാഠ്യപദ്ധതിക്കായി ഓൺലൈൻ കോഴ്സ് പ്ലാറ്റ്ഫോം 'കെ-ലേൺ' തയ്യാറാക്കി: മന്ത്രി ആർ. ബിന്ദു

സംസ്ഥാനത്തെ നാലു വർഷ ബിരുദ പാഠ്യപദ്ധതിക്കായി യുജിസിയുടെ സ്വയം- എംഒഒസി (SWAYAM-MOOC) പ്രോഗ്രാമുകളുടെ മാതൃകയിൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ടതും നൂതനവുമായ കോഴ്സുകൾ നൽകുന്നതിനായി രൂപകല്പന ചെയ്ത ഓൺലൈൻ കോഴ്സ് പ്ലാറ്റഫോമായ 'കെ-ലേൺ' ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയതായി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു. സെക്രട്ടേറിയറ്റ് പി.ആർ ചേബറിൽ നടന്ന വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കെ ലേൺ പോർട്ടൽ വഴി സിഗ്നേച്ചർ കോഴ്സുകൾ നമ്മുടെ അധ്യാപകരുടെ വൈദഗ്ധ്യം ഉപയോഗിച്ച് നൽകും. ഇതിനാവശ്യമായ മാർഗ നിർദേശങ്ങൾ ഇംപ്ലിമെന്റേഷൻ സെൽ തയ്യാറാക്കിയിട്ടുണ്ട്. രാജ്യത്തുതന്നെ ആദ്യമായാകും ഒരു സംസ്ഥാന സർക്കാർ ഇത്ര വിശാലമായി ഒരു പ്ലാറ്റ്ഫോം വഴി ഓൺലൈൻ കോഴ്സുകൾ നൽകുന്നത്.

ഒരു വ്യക്തിഗത അധ്യാപകൻ തന്റെ മേഖലയെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന പഠന കോഴ്സ് കെ-ലേൺ പ്ലാറ്റ്ഫോം വഴി (ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് രീതിയിൽ) വിദ്യാർത്ഥികളിലേക്കെത്തും. കേരളത്തിലെ എല്ലാ നാലുവർഷ ബിരുദ വിദ്യാർത്ഥികൾക്കും തങ്ങളുടെ ഇഷ്ടമേഖലയിൽ സൗജന്യമായി ലഭ്യമാകുന്ന കോഴ്സാണിത്. അധ്യാപകർ തങ്ങളുടെ നിലവിലെ വർക്ക് ലോഡിന്റെ ഭാഗമായാണ് ഈ കോഴ്സ് നൽകുക.

എ.ബി.സി (അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ്) മുഖേന ക്രെഡിറ്റ് ട്രാൻസ്ഫർ നടത്താൻ സാധിക്കുന്നതുകൊണ്ട് എവിടെനിന്നു വേണമെങ്കിലും ഈ കോഴ്സ് ലഭ്യമാക്കാം. മൂന്നോ നാലോ വർഷങ്ങളിൽ ഇലക്ടീവ് കോഴ്സുകൾ തിരഞ്ഞെടുക്കേണ്ട ഘട്ടത്തിൽ, തങ്ങൾക്ക് താല്പര്യമുള്ള ഒരു കോഴ്സ് പഠിക്കുന്ന കോളേജിൽ ലഭ്യമല്ലെങ്കിൽ ഈ പ്ലാറ്റ്ഫോം വഴി പഠിക്കാൻ സാധിക്കും. വിദ്യാർത്ഥികൾക്ക് അധിക ഫീസ് കൊടുക്കാതെ നൂതനമായ കോഴ്സുകൾ പഠിക്കാൻ ഇതുവഴി അവസരമൊരുക്കും. നാലുവർഷ ബിരുദ പ്രോഗ്രാമിൽ നിർബന്ധമായും ചെയ്യേണ്ട രണ്ടു ഓൺലൈൻ കോഴ്സുകളും ഇതേ പ്ലാറ്റ്ഫോം വഴി വിദ്യാർത്ഥികൾക്ക് ചെയ്യാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.അധ്യാപകർ തയ്യാറാക്കി സർവകലാശാലയിൽ സമർപ്പിക്കുന്ന കോഴ്സുകൾ സർവകലാശാല പഠന ബോർഡ് നടത്തുന്ന വിശദമായ പരിശോധനക്ക് ശേഷം കോഴ്സ് അംഗീകരിച്ച് കെ-ലേൺ പ്ലാറ്റ്ഫോമിന്റെ ഭാഗമാക്കും. വിരമിച്ച അധ്യാപകർക്കും താത്പര്യമുണ്ടെങ്കിൽ ഈ പ്ലാറ്റ്ഫോം വഴി കോഴ്സ് നൽകാവുന്നതാണെന്നും മന്ത്രി അറിയിച്ചു.

# ഇതും ഇന്ത്യയിൽ ആദ്യം: ജില്ലാതല ആശുപത്രിയിൽ ആദ്യമായി ലമെല്ലാർ കേരടോപ്ലാസ്റ്റി

## ഒന്നര മാസത്തിൽ 5 കോർണിയ ട്രാൻസ്പ്ലാന്റേഷൻ

രാജ്യത്ത് ആദ്യമായി ഒരു ജില്ലാതല ആശുപത്രി (തിരുവനന്തപുരം ജനറൽ ആശുപത്രി) ഒന്നര മാസത്തിനുള്ളിൽ അഞ്ച് കോർണിയ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയകൾ നടത്തി ശ്രദ്ധ നേടി. അതിൽ തന്നെ അതീവ വൈദഗ്ദ്ധ്യവും നൂതന സാങ്കേതിക വിദ്യയും ഉപയോഗിക്കുന്ന ലമെല്ലാർ കേരടോപ്ലാസ്റ്റി അഥവാ കോർണിയ മുഴുവനായി മാറ്റാതെ കേട് വന്ന പാളികൾ മാത്രമായി മാറ്റി വയ്ക്കുന്ന ശസ്ത്രക്രിയയും (ഉടഋഗ) അവിടെ വിജയകരമായി നടത്തിയിരിക്കുകയാണ്. അഭിമാനകരമായ നേട്ടം കൈവരിച്ച ജനറൽ ആശുപത്രിയിലെ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.കോർണിയ ട്രാൻസ്പ്ലാന്റേഷനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ഈ സർക്കാരിന്റെ കാലത്ത് ഒരുക്കി. സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ചിലവേറിയ ഈ ശസ്തക്രിയ ഒരു സർക്കാർ മേഖലയിലുള്ള ജനറൽ ആശുപത്രിയിൽ നടത്താനായി എന്നത് കേരളത്തിലെ നേത്ര ശസ്ത്രക്രിയയുടെ നിലവാരം തന്നെ ഉയർത്തുന്നതും ആരോഗ്യ വകുപ്പിന് അഭിമാനിക്കാവുന്നതുമായ നേട്ടമാണ്. കേരളത്തിന്റെ അന്ധതനിവാരണ പദ്ധതിയിൽ സുപ്രധാനമായ ഒരു ചുവടുവയ്പ്പ് കൂടിയാണിത്.

കോർണിയ സർജൻ ഡോ. രശ്മി പി. ഹരിദാസ്, ഡോ. ദിവ്യ, അനസ്തേഷ്യ വിദഗ്ധരായ ഡോ. അമ്പിളി, ഡോ. മധു, നഴ്സിഗ് ഓഫീസർമാരായ ബോബി രേവതി ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ നാദിയ, നഴ്സിംഗ് അസിസ്റ്റന്റ് മോളി എന്നിവർ കോർണിയ സർജറിയിൽ സന്നിഹിതരായിരുന്നു.

# ട്രാൻസ്പ്ലാന്റ് മരുന്നുകൾ ഇനി ഏറ്റവും വിലക്കുറവിൽ: സീറോ പ്രോഫിറ്റ് കൗണ്ടറുകൾ ആരംഭിച്ചു

## രോഗികളുടെ ദീർഘനാളുകളായുള്ള ആവശ്യം സാക്ഷാൽക്കരിച്ചു

സീറോ പ്രോഫിറ്റ് കൗണ്ടറുകൾ മുഖേന അവയവം മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്കുള്ള ട്രാൻസ്പ്ലാന്റ് മരുന്നുകൾ ഏറ്റവും വില കുറവിൽ ലഭ്യമാക്കുന്നു. തെരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികളിലായി പ്രവർത്തിക്കുന്ന 'കാരുണ്യസ്പർശം' -സീറോ-പ്രോഫിറ്റ് കൗണ്ടറുകൾ മുഖാന്തിരമാണ് ഈ മരുന്നുകൾ വിതരണം ചെയ്യുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിർവഹിച്ചു. ഹെൽത്ത് ഹബ്ബ്, സംയോജിത കാരുണ്യ ഫാർമസി കൗണ്ടർ, മൾട്ടി ലെവൽ കാർ പാർക്കിംഗ് ശിലാസ്ഥാപനം തുടങ്ങിയ മെഡിക്കൽ കോളേജിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

ഉയർന്ന വിലയുള്ള ആന്റി കാൻസർ മരുന്നുകൾ ഏറ്റവും വിലകുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് 'കാരുണ്യസ്പർശം' എന്ന നൂതന ആശയം കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 14 കാരുണ്യ ഫാർമസികളിൽ സീറോ പ്രോഫിറ്റ് ഹൈവാല്യൂ ആന്റി കാൻസർ മെഡിസിൻ കൗണ്ടറുകൾ ആരംഭിച്ചിരുന്നു. തുടർന്ന് 14 ജില്ലകളിലെ 58 കാരുണ്യ ഫാർമസികളിൽ കൂടി കാരുണ്യ സ്പർശം കൗണ്ടറുകൾ ആരംഭിച്ചു. എം.ആർ.പി.യിൽ നിന്നും വളരെയധികം വിലകുറച്ച് ലാഭം ഒട്ടും എടുക്കാതെയാണ് ഈ കൗണ്ടറുകൾ വഴി മരുന്നുകൾ നൽകുന്നത്.

മെഡിക്കൽ കോളേജ് ആശുപത്രി തിരുവനന്തപുരം, ഗവ. വിക്ടോറിയ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട, മെഡിക്കൽ കോളേജ് ആശുപത്രി ആലപ്പുഴ, മെഡിക്കൽ കോളേജ് ആശുപത്രി കോട്ടയം, താലൂക്കാശുപത്രി നെടുങ്കണ്ടം, ജനറൽ ആശുപത്രി എറണാകുളം, മെഡിക്കൽ കോളേജ് ആശുപത്രി തൃശ്ശൂർ, ജില്ല ആശുപത്രി പാലക്കാട്, തിരൂർ, മെഡിക്കൽ കോളേജ് കോഴിക്കോട്, ജില്ലാ ആശുപത്രി മാനന്തവാടി, മെഡിക്കൽ കോളേജ് പരിയാരം, ജനറൽ ആശുപത്രി കാസർഗോഡ് എന്നിവിടങ്ങളിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴിയാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്.

കടകംപള്ളി സുരേന്ദ്രൻ എംഎൽഎ, കൗൺസിലർ എസ്.എസ്. സിന്ധു, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. വിശ്വനാഥൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പി.കെ. ജബ്ബാർ. സൂപ്രണ്ട് ഡോ. ജയചന്ദ്രൻ, കെ.എച്ച്.ആർ.ഡബ്ല്യു.എസ്. എംഡി സുധീർ ബാബു, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ ഡോ. അരുൺ തുടങ്ങിയവർ പങ്കെടുത്തു.

# മൃഗശാലയിലെ സിംഹക്കുട്ടികൾ സിംബയും സൂരിയും; പേര് പ്രഖ്യാപിച്ച് മന്ത്രി ജെ. ചിഞ്ചുറാണി

തിരുവനന്തപുരം മൃഗശാലയിലെ സിംഹങ്ങളായ ലിയോ, നൈല എന്നിവർക്ക് ജനിച്ച സിംഹക്കുട്ടികൾക്ക് 'സിംബ' (ടശായമ) എന്നും സൂരി (ടൗൃശ) എന്നും പേരിട്ടു. മൃഗശാലയിൽ നടന്ന ചടങ്ങിൽ മൃഗശാല, മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പേരുകൾ ഔദ്യോഗികമായി പ്രഖ്യാപിച്ചു. 2026 ജനുവരി 20-നായിരുന്നു സിംഹക്കുട്ടികൾ ജനിച്ചത്.

ജനിച്ചതിന്റെ രണ്ടാം ദിവസം മുതൽ രാപകൽ സിംഹക്കുട്ടികളുടെ പരിപാലനത്തിനായി സമയം ചെലവഴിച്ച അനിമൽ കീപ്പർ വി. അനിൽകുമാറിന്റെ സേവനത്തെ ചടങ്ങിൽ പ്രത്യേകം പ്രശംസിച്ചു. സിംഹക്കുട്ടികളെ അതീവ ജാഗ്രതയോടെ പരിചരിച്ച വെറ്ററിനറി സർജൻ ഡോ. നികേഷ് കിരൺ ഉൾപ്പെടെയുള്ള വിദഗ്ധ സംഘത്തിന് മന്ത്രി പ്രശസ്തി പത്രങ്ങൾ വിതരണം ചെയ്തു. ജിജോ ബി.എസ് (ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ), നഹാസ് ജെ.എസ് (ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ), രാജേഷ് കുമാർ എസ്.എസ് (ലാബ് അസിസ്റ്റന്റ്), രാജേഷ് ബി (സൂപ്പർവൈസർ), ജയചന്ദ്രൻ എം (കീപ്പർ), അഖിൽ സി (കീപ്പർ) എന്നീ ടീമംഗങ്ങളെയും ചടങ്ങിൽ മന്ത്രി അനുമോദിച്ചു.

മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടർ മഞ്ജുളാദേവി പി.എസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മൃഗശാലാ സൂപ്രണ്ട് രാജേഷ് വി സ്വാഗതം ആശംസിച്ചു.

# മദ്രസാദ്ധ്യാപക ക്ഷേമനിധി വിഹിതം 25 വരെ അടയ്ക്കാം

കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ 2025-2026 സാമ്പത്തിക വർഷത്തെ ക്ഷേമനിധി വിഹിതം അടക്കാൻ ബാക്കിയുള്ളവർ മാർച്ച് 25 നകം പോസ്റ്റ് ഓഫീസിൽ അടയ്ക്കണം. സാമ്പത്തിക വർഷത്തെ ക്ഷേമനിധി വിഹിതം അടയ്ക്കാതെ വരുന്നത് ക്ഷേമനിധി അംഗത്വം റദ്ദാക്കുന്നതിനും ആനുകൂല്യങ്ങൾ തടസ്സപ്പെടുന്നതിനും കാരണമാകും.

# സ്പോട്ട് അഡ്മിഷൻ: ഡിപ്ലോമ ഇൻ മൂവി ക്യാമറ പ്രൊഡക്ഷൻ

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ഡിപ്ലോമ ഇൻ മൂവി ക്യാമറ പ്രൊഡക്ഷൻ മൂന്നാം ബാച്ച് കോഴ്സിലേക്ക് ഒഴിവുള്ള എതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താത്പര്യമുള്ളവർ 2026 മാർച്ച് 15 നു മുൻപ് യോഗ്യത സർട്ടിഫിക്കറ്റുകൾ (എസ്എസ്എൽസി, പ്ലസ് ടു) ആധാർ കാർഡ്, എന്നിവയുടെ അസലും പകർപ്പും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം എറണാകുളം  കാക്കനാടുള്ള കേരള മീഡിയ അക്കാദമി ആസ്ഥാനത്ത് നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 0484 2422275, 9447607073.

# വാക്ക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരത്തുള്ള സംസ്ഥാന ശുചിത്വമിഷൻ ഓഫീസിലേക്ക് ഐ.ഇ.സി ഇന്റേൺമാരെ തെരഞ്ഞെടുക്കുന്നു. ഒരു വർഷത്തേക്കാണ് ഇന്റേൺഷിപ്പ്. ജേണലിസം, മാസ്സ് കമ്മ്യൂണിക്കേഷൻ, പബ്ലിക് റിലേഷൻസ്, സോഷ്യൽ വർക്ക് എന്നിവയിൽ ബിരുദമോ, ബിരുദാന്തര ഡിപ്ലോമയോ 2025  മാർച്ച് 1ന് ശേഷം നേടിയവരായിരിക്കണം. സ്റ്റൈപ്പന്റ്- പ്രതിമാസം 10,000 രൂപ.

താൽപര്യമുള്ളവർ ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ എന്നിവ സഹിതം തിരുവനന്തപുരം മ്യൂസിയത്തിന് എതിർവശത്തുള്ള പബ്ലിക് ഓഫീസ് കോമ്പൗണ്ടിലെ റവന്യൂ കോംപ്ലക്സിന്റെ നാലാം നിലയിൽ പ്രവർത്തിക്കുന്ന ശുചിത്വമിഷൻ ഓഫീസിൽ മാർച്ച് 13 രാവിലെ 10.30 ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2312730, www.suchitwamission.org.

# ഫലം പ്രസിദ്ധീകരിച്ചു

സെപ്റ്റംബർ 2025- ഡി.എൽ.എഡ് (ജനറൽ) രണ്ടാം സെമസ്റ്റർ റെഗുലർ ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം www.pareekshabhavan.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.



ആഗോള അറബി പണ്ഡിതനും സാഹിത്യകാരനുമായ സയ്യിദ് അബ്ദുറഹിമാൻ ഇമ്പിച്ചിക്കോയ ഐദ്റൂസി അൽ അസ്ഹരി തങ്ങളുടെ അറബി ഭാഷാവ്യാകരണ പുസ്തകം മുഖ്യമന്ത്രി പിണറായി വിജയൻ  പ്രകാശനം ചെയ്യുന്നു.

# അഞ്ച് വർഷം കൊണ്ട് ഒരു ലക്ഷം കോടി രൂപയിലധികം നിക്ഷേപ വാഗ്ദാനങ്ങൾ യാഥാർഥ്യമാക്കാനായി: മന്ത്രി പി. രാജീവ്

തിരുവനന്തപുരം: കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് ഒരു ലക്ഷം കോടി രൂപയിലധികമുള്ള നിക്ഷേപ വാഗ്ദാനങ്ങൾ യാഥാർഥ്യമാക്കാൻ കഴിഞ്ഞതായി വ്യവസായ നിയമ കയർ മന്ത്രി പി രാജീവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇതിൽ 27,158 കോടി രൂപ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായും 55,000 കോടി രൂപ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് (ഐകെജിഎസ്) വഴിയും ഏകദേശം 15,000 കോടി രൂപ മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിലൂടെയും വന്ന നിക്ഷേപമാണ്. ഇതിൽ മിക്ക പദ്ധതികളുടെയും നിർമ്മാണം ആരംഭിച്ചതായും ബാക്കി പദ്ധതികൾ നിർമ്മാണത്തിൻറെ അവസാന ഘട്ടത്തിലാണെന്നും മന്ത്രി വ്യക്തമാക്കി.

ദാവോസിലെ ലോക സാമ്പത്തിക ഫോറത്തിൽ 1.18 ലക്ഷം കോടിയുടെ നിക്ഷേപ വാഗ്ദാനങ്ങൾ കേരളത്തിന് ലഭിച്ചു. അത് യാഥാർഥ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഐകെജിഎസിൻറെ പ്രോഗ്രസ് റിപ്പോർട്ട് ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചു. ഭൂമി ലഭ്യമായതിൻറെ 40 ശതമാനത്തോളം പദ്ധതികളുടെ നിർമ്മാണമാണ് ആരംഭിച്ചത്. കേരളത്തിൻറെ വ്യവസായ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്കാണ് കഴിഞ്ഞ അഞ്ച് വർഷം സാക്ഷ്യം വഹിച്ചതെന്ന് മന്ത്രി പറഞ്ഞു. ഈസ് ഓഫ് ഡൂയിങ് ബിസിനസ് പട്ടികയിൽ രാജ്യത്ത് തുടർച്ചയായി ഒന്നാമതെത്താൻ കേരളത്തിനായി. രാജ്യത്ത് ആദ്യമായി ഇഎസ്ജി വ്യവസായ നയം പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. ദാവോസ് ലോക സാമ്പത്തിക ഫോറത്തിൽ കേരളത്തിന് കൂടുതൽ നിക്ഷേപ സാധ്യതകൾ തുറന്നിടാൻ സഹായിച്ചതിലെ പ്രധാന ഘടകം ഇഎസ്ജി നയമാണ്. ലോജിസ്റ്റിക്സ്, കയറ്റുമതി, ഗ്രാഫീൻ നയങ്ങൾ കേരളത്തിന് നടപ്പാക്കാൻ സാധിച്ചതും ഇതിലൂടെയാണ്.

കേരളത്തിൻറെ സംരംഭകവർഷം പദ്ധതിക്ക് പ്രധാനമന്ത്രിയുടെയും അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻറെയും (എഎസ്പിഎ) അംഗീകാരം ലഭിക്കുകയുണ്ടായി. മൂന്ന് സംരംഭകവർഷം കഴിഞ്ഞപ്പോൾ 4,06,606 പുതിയ ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. ഇതിലൂടെ 27,158.64 കോടി നിക്ഷേപവും 8,66,162 തൊഴിലവസരങ്ങളും സൃഷ്ടിക്കാനായി. സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ സുസ്ഥിര വളർച്ചയ്ക്കായി നടപ്പാക്കിയ മിഷൻ 1000, മിഷൻ 100000 പദ്ധതികൾ ശ്രദ്ധേയമാണ്. 6,677 കോടി രൂപയുടെ നിക്ഷേപം കിൻഫ്ര വഴി വന്നു.



വ്യവസായ വകുപ്പിൻറെ കഴിഞ്ഞ അഞ്ചു വർഷത്തെ നേട്ടങ്ങൾ പ്രതിപാദിക്കുന്ന കൈപുസ്തകം വ്യവസായ നിയമ കയർ മന്ത്രി പി രാജീവ് പ്രകാശനം ചെയ്യുന്നു. വ്യവസായ-വാണിജ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡിയും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ പി. വിഷ്ണുരാജ്, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, കെ ബിപ്പ് സി.ഇ.ഒ. സൂരജ് എസ് എന്നിവർ സമീപം.

കെ-സ്വിഫ്റ്റ് ഏകജാലക ക്ലിയറൻസ് സംവിധാനം നടപ്പിലാക്കിയത് സംസ്ഥാനത്തെ വ്യവസായ-നിക്ഷേപ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിന് സഹായകമായെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. രാജ്യത്ത് ആദ്യമായി ഉദ്യോഗസ്ഥരുടെ വീഴ്ചയ്ക്ക് പിഴ ഏർപ്പെടുത്തി പരാതി പരിഹാര സംവിധാനം നടപ്പിലാക്കിയത് കേരളമാണ്. നിലവിലുള്ള നിയമം ഭേദഗതി ചെയ്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വിഭാഗത്തിൽപെടുന്ന നിക്ഷേപമാണെങ്കിൽ മൂന്നര വർഷത്തേക്ക് പ്രിൻസിപ്പൽ അപ്രൂവൽ ഓൺലൈൻ വഴി നൽകുന്ന സംവിധാനം നടപ്പിലാക്കി. ചെറുകിട വ്യവസായങ്ങൾക്ക് കെഎസ്ഐഡിസി വഴി 1200 കോടി രൂപ വായ്പ നൽകാൻ കഴിഞ്ഞു. കെഎസ്ഐഡിസിയുടെ പ്രവർത്തനം വിപുലീകരിക്കാൻ മലബാർ മേഖലയ്ക്കായി സോണൽ ഓഫീസ് തുടങ്ങി. എംഎസ്എംഇ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി.

51 സ്വകാര്യ വ്യവസായ പാർക്കുകളിലൂടെ ഏകദേശം 560 ഏക്കർ സ്ഥലം കേരളത്തിൻറെ വ്യവസായ മേഖലയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ഇതിൽ 10 എണ്ണം പ്രവർത്തനമാരംഭിച്ചു. ബാക്കിയുള്ളവ ഉദ്ഘാടനത്തിന് സജ്ജമായി. 11 ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് അനുമതി നൽകി. പാലക്കാട് ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റി സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നതിനും ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനുമായി. നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്.പൊതുമേഖലയിൽ നിയമനത്തിനായി പ്രത്യേക റിക്രൂട്ട്മെൻറ് ബോർഡ് കൊണ്ടുവന്നു. ഈ വർഷത്തെ കണക്കെടുത്താൽ 25 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിലുള്ളത്. ഇത് ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കാണ്. കേരള പേപ്പർ പ്രോഡക്ട്സിൻറെ പ്രവർത്തനം ലാഭത്തിലായി. അതിൻറെ വിപുലീകരണത്തിനായി 741 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. 400 കോടി രൂപ മുതൽമുടക്കിലുള്ള കേരള റബ്ബർ ലിമിറ്റഡ്സ് ഉദ്ഘാടനം ചെയ്തു. ഇതിന് 480 കോടി രൂപയുടെ നിക്ഷേപ പദ്ധതിക്കുള്ള വിഹിതം ഇതിനകം ലഭിച്ചു. 3000 കോടി രൂപ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. കെൽട്രോൺ ചരിത്രത്തിൽ ഏറ്റവും ഉയർന്ന ടേൺ ഓവറുള്ള സ്ഥാപനമായി മാറിയത് ഈ സർക്കാരിൻറെ കാലത്താണ്. ഏറെക്കാലമായി പ്രവത്തനമില്ലാതിരുന്ന പെരുമ്പാവൂർ റയോൺസിലെ ഇലക്ട്രോണിക്സ് കമ്പനി ആരംഭിക്കാനും മുളങ്കുന്നത്തുകാവിലെ കെൽട്രോൺ ഭൂമി പ്രയോജനപ്പെടുത്തി പുതിയ സംരംഭം ആരംഭിക്കാനുമായി.

പരമ്പരാഗത വ്യവസായ മേഖലയിൽ ശാസ്ത്രീയമായ പഠനത്തിൻറെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി ശുപാർശകൾ നടപ്പിലാക്കാൻ കഴിഞ്ഞു. കയർ മേഖലയ്ക്കായി കോൺക്ലേവ് സംഘടിപ്പിച്ചതിൻറെ ഭാഗമായി റിവോൾവിംഗ് ഫണ്ട് നടപ്പിലാക്കി. കൈത്തറി ക്ലസ്റ്ററുകൾ, ഈറ്റ തൊഴിലാളികൾക്ക് വർദ്ധിപ്പിച്ച വേജ് ഇൻസെൻറീവ്, കശുവണ്ടി മേഖലയ്ക്ക് പുനഃരുദ്ധാരണ, പുനഃരുജ്ജീവന പാക്കേജുകൾ, കോട്ടൺ ബോർഡ് രൂപീകരിച്ചതിലൂടെ മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, രാജ്യത്തെ ആദ്യ പ്ലാൻറേഷൻ ഡയറക്ടറേറ്റ്, തോട്ടം തൊഴിലാളികൾക്ക് ലയം പദ്ധതി എന്നിവയും നേട്ടങ്ങളിൽപെടുന്നു. വെളിച്ചെണ്ണയ്ക്കു പുറമേ കേരള ബ്രാൻഡിൽ 10 പുതിയ ഉൽപന്നങ്ങളെ ഉൾപ്പെടുത്തിയതായും മന്ത്രി കൂട്ടിച്ചേർത്തു.വ്യവസായ വകുപ്പിൻറെ കഴിഞ്ഞ അഞ്ചു വർഷത്തെ നേട്ടങ്ങൾ പ്രതിപാദിക്കുന്ന കൈപുസ്തകം മന്ത്രി പ്രകാശനം ചെയ്തു.വ്യവസായ-വാണിജ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡിയും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ പി. വിഷ്ണുരാജ്, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, കെ ബിപ്പ് സി.ഇ.ഒ. സൂരജ് എസ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## ലോകായുക്ത സിറ്റിങ്

കേരള ലോകായുക്ത കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ക്യാമ്പ് സിറ്റിങ് നടത്തും. കണ്ണൂരിൽ മാർച്ച് 24നു രാവിലെ 10.30 ന് കണ്ണൂർ പി.ഡബ്ല്യു.ഡി റെസ്റ്റ്ഹൗസ് കോൺഫറൻസ് ഹാളിലും കോഴിക്കോട് മാർച്ച് 25നും 26നും രാവിലെ 10.30 ന് കോഴിക്കോട് പി.ഡബ്ല്യു.ഡി റെസ്റ്റ്ഹൗസ് കോൺഫറൻസ് ഹാളിലും സിറ്റിങ് നടത്തും. ലോകായുക്ത ജസ്റ്റിസ് എൻ. അനിൽകുമാർ, ഉപ ലോകായുക്ത ജസ്റ്റിസ് ഷെർസി വി എന്നിവർ പരാതികൾ പരിഗണിക്കും. സിറ്റിങ് ദിവസങ്ങളിൽ നിശ്ചിത ഫോമിലുള്ള പുതിയ പരാതികൾ സ്വീകരിക്കുമെന്ന് ലോകായുക്ത രജിസ്ട്രാർ അറിയിച്ചു.

## ഗസ്റ്റ് ഇൻസ്ട്രക്ടർ

തിരുവനന്തപുരം ചാക്ക ഗവ. ഐ.ടി.ഐയിൽ വിവിധ ട്രേഡുകളിലെ ഒഴിവുള്ള തസ്തികകളിൽ താത്കാലികാടിസ്ഥാനത്തിൽ ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കും. മെക്കാനിക്കൽ ഓട്ടോ ഇലക്ട്രിക്കൽ ആൻഡ് ഇല്ക്ട്രോണിക്സ് (മുസ്ലീം കാറ്റഗറി), വെൽഡർ (ഓപ്പൺ കാറ്റഗറി), ഇ/മെക്ക് (എസ്.ഐ.യു.സി.എൻ കാറ്റഗറി) ടെക്നിഷ്യൻ മെഡിക്കൽ ഇലക്ട്രോണിക്സ് എന്നിവയിലാണ് ഒഴിവുകൾ. ഉദ്യോഗാർഥികൾ മാർച്ച് 13 രാവിലെ 11ന് അസൽ സർട്ടിഫിക്കറ്റുമായി പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം. ഫോൺ: 0471-2502612.

## ഇന്നൊവേഷൻ ഫെല്ലോ: അപേക്ഷ ക്ഷണിച്ചു

കെ-ഡിസ്ക്, കില, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവ സംയുക്തമായി നടപ്പിലാക്കുന്ന ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരാശയം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകളിലേക്ക് ഇന്നൊവേഷൻ ഫെല്ലോകളെ ക്ഷണിക്കുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ, ഗവേഷകർ, നൂതനാശയ സൃഷ്ടിക്ക് സംഭാവന നൽകിയ അക്കാദമിക പശ്ചാത്തലമുള്ള വ്യക്തികൾ, അക്കാദമിക യോഗ്യതയുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വ്യത്യസ്ത മേഖലകളിൽ പ്രവർത്തി പരിചയമുള്ള സാമൂഹിക പ്രവർത്തകർ എന്നിവർക്ക് അപേക്ഷിക്കാം. അവസാന തീയതി മാർച്ച് 30. കൂടുതൽ വിവരങ്ങൾക്ക് : https://kdisc.kerala.gov.in/en/oloi-one-local-government-one-idea/

## താൽക്കാലിക ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

കെ.ടെറ്റ് ഡിസംബർ 2025 കാറ്റഗറി I, II, III, IV പരീക്ഷകളുടെ താൽക്കാലിക ഉത്തരസൂചികകൾ www.pareekshabhavan.kerala.gov.in, https://ktet.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു.

## കേരളത്തിന്റെ തദ്ദേശഭരണത്തിന് ഐ കെ എം നൽകിയത് വിപ്ലവകരമായ മാറ്റം : മന്ത്രി എം ബി രാജേഷ്

കേരളത്തിന്റെ തദ്ദേശഭരണ സംവിധാനത്തിന് ഇൻഫർമേഷൻ കേരള മിഷൻ (ഐ കെ എം) നൽകിയത് വിപ്ലവകരമായ മാറ്റമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനോ ഐ.ടി സ്ഥാപനത്തിനോ സാധിക്കാത്ത നേട്ടമാണ് കേരളത്തിൽ കെ-സ്മാർട്ട് (ഗടാമൃേ) നടപ്പിലാക്കിയതിലൂടെ ഐ.കെ.എമ്മിന് കൈവരിക്കാൻ കഴിഞ്ഞത്. ഇതിലൂടെ ഫയൽ അധിഷ്ഠിത ഗവേണൻസിനെ ഡാറ്റാ അധിഷ്ഠിത ഗവേണൻസിലേക്ക് പരിവർത്തനം ചെയ്യാൻ കഴിഞ്ഞു. ഇൻഫർമേഷൻ കേരള മിഷൻ രജത ജൂബിലി ആഘോഷങ്ങളുടെ സമാപനം തിരുവനന്തപുരം ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കെ-സ്മാർട്ട് പോലൊരു വലിയ പദ്ധതി ഐ.കെ.എമ്മിന് നടപ്പിലാക്കാൻ സാധിക്കുമോ എന്ന ആശങ്ക തുടക്കത്തിൽ പലർക്കും ഉണ്ടായിരുന്നു. എന്നാൽ ഏതൊരു കോർപ്പറേറ്റ് കമ്പനിയെയും വെല്ലുന്ന മികച്ച തൊഴിൽ സംസ്കാരം വളർത്തിയെടുത്ത് ഐ.കെ.എം ജീവനക്കാർ കൂട്ടായി ഈ നേട്ടം കൈവരിച്ചു. ഓരോ 15 ദിവസം കൂടുമ്പോഴും കൃത്യമായ അവലോകന യോഗങ്ങൾ നടത്തിയാണ് പദ്ധതി ലക്ഷ്യത്തിലെത്തിച്ചത്. ഒരു പൊതുമേഖലാ സ്ഥാപനത്തിന് എത്രത്തോളം കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയും എന്ന് ഇതിലൂടെ തെളിയിക്കാൻ കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു.

കെ-സ്മാർട്ട് നിലവിൽ വന്നശേഷം ഒരു കോടിയിലധികം ഫയലുകൾ ഇതിലൂടെ കൈകാര്യം ചെയ്തു. സാങ്കേതികവിദ്യ ഉപയോഗിച്ച് ജനങ്ങളുടെ ജീവിതം കൂടുതൽ എളുപ്പമുള്ളതാക്കി മാറ്റാൻ ഐ.കെ.എമ്മിന് കഴിഞ്ഞു. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിനൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് ഈസ് ഓഫ് ലിവിങ്. ഇത് ഉറപ്പുവരുത്തുന്നതിൽ ഐ.കെ.എമ്മിന്റെയും കെ-സ്മാർട്ടിന്റെയും മികച്ച സംഭാവന ചരിത്രത്തിൽ അടയാളപ്പെടുത്തും. പ്രെഡിക്റ്റീവ് ഗവേണൻസ് എന്ന അടുത്ത ഘട്ടത്തിലേക്കാണ് കേരളം ഇനി ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു. ഐ.കെ.എം ജീവനക്കാരുടെ ദീർഘകാല ആവശ്യങ്ങൾ പരിഹരിക്കാൻ സർക്കാരിന് കഴിഞ്ഞതിൽ ചാരിതാർഥ്യമുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ടി വി അനുപമ അധ്യക്ഷത വഹിച്ചു. മുൻ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, കില ഡയറക്ടർ ജനറൽ എ നിസാമുദീൻ, സംസ്ഥാന പ്ലാനിങ് കമ്മീഷൻ അംഗം പ്രൊഫ. ജിജു പി അലക്സ്, കെ ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി വി ഉണ്ണികൃഷ്ണൻ, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. സന്തോഷ് ബാബു തുടങ്ങിയവർ സന്നിഹിതരായി.



പ്രമുഖ ചരിത്രകാരനായ ഡോ കെ എൻ പണിക്കർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ആദരം അർപ്പിക്കുന്നു.



ഇൻഫർമേഷൻ കേരള മിഷൻ രജത ജൂബിലി ആഘോഷങ്ങളുടെ സമാപനം മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ജനങ്ങളുമായി നേരിട്ട് സംവദിക്കുന്ന രീതിയിലേക്ക് സിവിൽ സർവീസ് മാറണം : മുഖ്യമന്ത്രി




കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സിവിൽ സർവീസ് പരീക്ഷാ വിജയികൾക്കുള്ള അനുമോദന ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

ബ്രിട്ടീഷ് കാലഘട്ടത്തിന്റെ പിന്തുടർച്ചയായ ഉദ്യോഗസ്ഥാധിപത്യ രീതികളിൽ നിന്ന് മാറി ജനങ്ങളുമായി നേരിട്ട് സംവദിക്കുന്ന രീതിയിലേക്ക് സിവിൽ സർവീസ് മാറേണ്ടതുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ജനോൻമുഖ നടപടികൾ കൈക്കൊണ്ട് എല്ലാ തലത്തിലും ജനാധിപത്യ കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കാൻ ഉദ്യോഗസ്ഥർക്ക് കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കേരളത്തിലെ സിവിൽ സർവീസ് ജേതാക്കൾക്കുള്ള അനുമോദന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭരണഭാഷ മാതൃഭാഷയാക്കാനുള്ള ശ്രമങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. സാധാരണ ജനങ്ങളുടെ ഭാഷയിൽ സർക്കാർ വിനിമയം നടത്തിയാൽ മാത്രമേ ജനാധിപത്യം അർത്ഥവത്താവുകയുള്ളൂ. ഉദ്യോഗസ്ഥർ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കണം. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി സഭയും മന്ത്രിസഭയും ആവിഷ്കരിക്കുന്ന നയങ്ങൾ നടപ്പിലാക്കാൻ ബാധ്യസ്ഥരാണിവർ. നിയമപരമായും ഭരണഘടനാപരമായും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് സർക്കാർ പൂർണ സംരക്ഷണം നൽകും. എന്നാൽ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾക്ക് സംരക്ഷണം ലഭിക്കില്ല. മതനിരപേക്ഷതയിലും മനുഷ്യത്വത്തിലും ഊന്നിയാവണം ഉദ്യോഗസ്ഥരുടെ പ്രവർത്തനം. ഭരണഘടനയുടെ അടിസ്ഥാന തത്വമായ മതനിരപേക്ഷതയിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ മാനുഷികമായ അന്തസ്സോടെ ജനങ്ങളോട് ഇടപെടാൻ ഉദ്യോഗസ്ഥർക്കാവണം. സാങ്കേതികവിദ്യയുടെ അതിപ്രസരമുള്ള ഈ കാലഘട്ടത്തിലും യുവാക്കൾ പൊതുസേവന രംഗത്തേക്ക് കടന്നുവരുന്നത് ഏറെ സന്തോഷകരമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിലുള്ള സിവിൽ സർവീസ് അക്കാദമി ഈ വർഷം മികച്ച നേട്ടമാണ് കൈവരിച്ചത്. അക്കാദമിയിൽ നിന്ന് 47 പേർ ഇത്തവണ വിജയികളായി. കഴിഞ്ഞ വർഷം ഇത് 43 ആയിരുന്നു. കൂടുതൽ മലയാളികളെ സിവിൽ സർവീസിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ 2005ൽ ആരംഭിച്ച അക്കാദമിക്ക് ഇന്ന് കേരളത്തിലെ എല്ലാ ജില്ലകളിലും സെന്ററുകളുണ്ട്. പിന്നാക്ക വിഭാഗങ്ങൾക്കുള്ള പ്രത്യേക പിന്തുണ അക്കാദമി ഉറപ്പുവരുത്തുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുട്ടികൾക്കും സൗജന്യ പരിശീലനം നൽകുന്നുണ്ട്. പൊന്നാനി സബ് സെന്ററിൽ മുസ്ലീം ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നൽകുന്നുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുട്ടികൾക്ക് 40,000 രൂപയുടെ സാമ്പത്തിക സഹായം നൽകി വരുന്നു. യു.പി.എസ്.സി. മാറ്റങ്ങൾക്കനുസരിച്ച് പാഠ്യപദ്ധതി പരിഷ്കരിക്കാൻ അക്കാദമിയിൽ പ്രത്യേക റിസർച്ച് ആൻഡ് ഡെവലപ്മെന്റ് കമ്മിറ്റിയും വിപുലമായ ലൈബ്രറി സൗകര്യവും ഒരുക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിൽ നിന്നും സിവിൽ സർവീസ് പരീക്ഷ വിജയിച്ച 47 പേർക്കും മുഖ്യമന്ത്രി ഉപഹാരങ്ങൾ നൽകി ആദരിച്ചു.ഓരോ പ്രവർത്തനവും സാധാരണക്കാരെ മുന്നിൽ കണ്ടുകൊണ്ടാവണമെന്നും അരികുവൽക്കരിക്കപ്പെട്ടവരെ മുഖ്യാധാരയിലെത്തിക്കാൻ നീതിയോടും സത്യസന്ധതയോടും നിലകൊള്ളണമെന്നും സിവിൽ സർവീസ് ജേതാക്കളോട് ചടങ്ങിൽ അദ്ധ്യക്ഷയായിരുന്ന ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ ആർ ബിന്ദു അഭ്യർത്ഥിച്ചു. ചീഫ് സെക്രട്ടറി ഡോ. എ ജയതിലക്, സംസ്ഥാന പൊലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള ഡയറക്ടർ ഇഷിതാ റോയ് തുടങ്ങിയർ ജേതാക്കൾക്ക് ആശംസ അർപ്പിച്ചു.

# ഗ്യാസ് സിലിണ്ടറുകളുടെ പൂഴ്ത്തിവയ്പിനെതിരെ കർശന നടപടി : മന്ത്രി ജി ആർ അനിൽ

യുദ്ധത്തെ തുടർന്ന് മധ്യേഷ്യയിൽ നിന്നുള്ള എൽപിജി സ്റ്റോക്കിന്റെ ലഭ്യതയിൽ ദൗർലഭ്യം നേരിട്ട സാഹചര്യത്തിൽ എൽപിജി സിലിണ്ടറുകളുടെ വിതരണത്തിൽ കേന്ദ്ര സർക്കാർ നിയന്ത്രണങ്ങൾ കൊണ്ടു വന്നിരിക്കുന്നു. ഒരിക്കൽ ബുക്ക് ചെയ്തു 25 ദിവസം കഴിഞ്ഞു മാത്രമാണ് നിലവിൽ അടുത്ത ബുക്കിംഗ് സാധ്യമാകുന്നത്. അതിനാൽ വലിയ ആശങ്ക ഉപഭോക്താക്കൾക്കിടയിൽ ഉണ്ട്. ഇത് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യാനായി ഓയിൽ കമ്പനി പ്രതിനിധികളുടെ യോഗം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ വിളിച്ചുചേർത്തു.ഗാർഹിക ഉപയോഗത്തിനുള്ള സിലിണ്ടറുകളുടെ വിതരണത്തിൽ ഷോർട്ടേജ് ഇല്ലായെന്നും വ്യവസായിക ആവശ്യങ്ങൾക്കായുള്ള സിലിണ്ടറുകൾ ഉപയോഗിക്കുന്ന, മുൻഗണനാക്രമത്തിൽ പരിഗണിക്കേണ്ടതായിട്ടുള്ള ആശുപത്രികൾ പോലെയുള്ള സ്ഥാപനങ്ങളേയും നിയന്ത്രണങ്ങൾ ബാധിക്കില്ലെന്നും ഓയിൽ കമ്പനികൾ അറിയിച്ചു. വ്യാവസായിക ആവശ്യങ്ങൾക്കായുള്ള സിലിണ്ടറുകളുടെ ദൗർലഭ്യം ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഗുരുതരമാണെന്നും അതിനാൽ നിയന്ത്രണങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് അയയ്ക്കുമെന്ന് മന്ത്രി അറിയിച്ചുഗ്യാസ് സിലിണ്ടറുകളുടെ പൂഴ്ത്തിവെപ്പും ഡൈവർഷനും തടയുന്നതിനായി കർശന നടപടികൾ സ്വീകരിക്കുവാൻ മന്ത്രി നിർദ്ദേശം നൽകി. ജില്ലാകളക്ടറുടെയും ജില്ലാ സപ്ലൈ ഓഫീസർമാരുടെയും നേതൃത്വത്തിൽ പരിശോധന സ്ക്വാഡുകൾ രൂപീകരിച്ച് ഗ്യാസ് സിലിണ്ടറുകളുടെ ലഭ്യത ഉറപ്പാക്കും. യോഗത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി രാജമാണിക്യം, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ഹിമ കെ., ലാൻഡ് റവന്യൂ കമ്മീഷണർ ജീവൻ ബാബു തുടങ്ങിയവരും ഐ.ഒ.സി, ബി.പി.സി, എച്ച്.പി എന്നീ ഓയിൽ കമ്പനികളുടെ ഏരിയ മാനേജർമാരും പങ്കെടുത്തു.

# നദികളുടെ ഫ്ലഡ് ലെവൽ മാർക്കിംഗ് സർവേ പ്രോജക്ട് റിപ്പോർട്ട് പ്രകാശനം ചെയ്തു

2018 ലെ പ്രളയ ബാധിത പ്രദേശങ്ങളിലെ ഉയർന്ന ജലനിരപ്പ് ശാസ്ത്രീയമായി സർവേ ചെയ്ത് സ്ഥിരം സൂചകങ്ങൾ സ്ഥാപിച്ച് രേഖപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന്റെ ഫ്ലഡ് ലെവൽ മാർക്കിംഗ് സർവേ പ്രൊജക്ട് റിപ്പോർട്ട് റവന്യൂ മന്ത്രി കെ രാജൻ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ വി ആർ വിനോദിന് നൽകി പ്രകാശനം ചെയ്തു.അച്ചൻകോവിൽ (9), പമ്പ (18), മണിമല (11), മീനച്ചിൽ (10), പെരിയാർ (23), ചാലക്കുടി(13), ഭാരതപ്പുഴ (37) എന്നിങ്ങനെ ഈ ഏഴ് നദികളുടെ തീരങ്ങളിലെ 121 സ്ഥലങ്ങളിലാണ് സൂചകങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സർവേ ഓഫ് ഇന്ത്യ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐൽഡിഎം) സർവേ ഭൂരേഖാ വകുപ്പ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നിവയുടെ സഹകരണത്തോടെ സംയോജിത പദ്ധതിയായാണ് ഇത് നടപ്പിലാക്കിയത്.റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ പ്രളയ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്കും നദീ സംരക്ഷണ പ്രവർത്തനങ്ങൾക്കും പൊതുജനങ്ങൾക്കുള്ള ബോധവത്കരണ പ്രവർണനങ്ങൾക്കും പ്രയോജനകരമാകും. റിപ്പോർട്ട് ഐഎൽഡിഎം, ലാൻഡ് റവന്യൂ കമ്മിഷണറേറ്റ് എന്നിവയുടെ വെബ്സൈറ്റുകളിൽ ഉടൻ ലഭ്യമാകും.

റവന്യൂ മന്ത്രിയുടെ ചേംബറിൽ നടന്ന പ്രകാശന ചടങ്ങിൽ ഐഎൽ ഡി എം എക്സിക്യൂട്ടീവ് ഡയറക്ടർ അനു എസ് നായർ, ലാൻഡ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണർ (എൽ എ) ജേക്കബ് സഞ്ജയ് ജോൺ, 'സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗം ആർ അജയൻ, ജലസേചനവകുപ്പ്, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സപര്യ പുരസ്ക്കാരം 2025 കേരള നടനം കലാകാരി അംബിക മോഹന്

കേരള സർക്കാർ സാംസ്കാരിക വകുപ്പിന് വേണ്ടി ഗുരു ഗോപിനാഥ് നടനഗ്രാമം നൽകുന്ന സപര്യ പുരസ്ക്കാരം 2025ന് കേരള നടനം കലാകാരിയും അദ്ധ്യാപികയുമായ അംബിക മോഹൻ അർഹയായതായി സെക്രട്ടേറിയറ്റ് പിആർ ചേമ്പറിൽ നടന്ന വാർത്താ സമ്മേളനത്തിൽ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പ്രഖ്യാപിച്ചു. 50000 രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

കേരള നടനത്തിന്റെ തനതു ശൈലിക്ക് കോട്ടം തട്ടാതെ രംഗാവതരണത്തിൽ പൂർണ്ണമായ ശിക്ഷണത്തിന്റെ അടിത്തറ ഉറപ്പിച്ചുകൊണ്ട് പുതിയ തലമുറയിലെ വിദ്യാർത്ഥികൾക്ക് ജനകീയ നൃത്തകലയോട് ആഭിമുഖ്യം വളർത്താൻ അംബിക മോഹൻ രൂപപ്പെടുത്തിയ രംഗശൈലി കേരള നടനത്തെ വർത്തമാനകാലത്തെ സാമൂഹ്യ വിഷയങ്ങൾ ഉൾക്കൊള്ളാൻ പാകത്തിൽ നവീകരിക്കുകയാണെന്ന് മന്ത്രി പറഞ്ഞു.

കേരള സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. ജിജു.പി.അലക്സ് ചെയർമാനും നടനഗ്രാമം സെക്രട്ടറി ശബ്ന ശ്രീദേവി ശശിധരൻ മെമ്പർ സെക്രട്ടറിയായും അഡീഷണൽ ചീഫ് സെക്രട്ടറി ഡോ രാജൻ എൻ ഗോബ്രഗഡെ, മോഹിനിയാട്ടം നർത്തകി അശ്വതി നായർ, ഗുരുഗോപിനാഥ് ദേശീയ നൃത്തമ്യൂസിയം ക്യൂറേറ്റർ ഡോ. എം. വേലായുധൻ നായർ, കേരള യൂണിവേഴ്സിറ്റി പെർഫോർമിംഗ് ആർട്സ് വകുപ്പിലെ മുൻ ഡയറക്ടർ ഡോ. രാജാ വാര്യർ, കുക്കു പരമേശ്വരൻ, സോന നായർ എന്നിവർ അംഗങ്ങളുമായ സമിതിയാണ് പുരസ്കാര ജേതാവിനെ നിർണ്ണയിച്ചത്.

# ഗുരു ഗോപിനാഥ് ദേശീയ നാട്യ പുരസ്ക്കാരം 2025 പദ്മഭൂഷൺ വി.പി. ധനഞ്ജയനും ശാന്ത ധനഞ്ജയനും

ഇന്ത്യൻ ക്ലാസ്സിക്കൽ നൃത്ത കലയുടെയും നൃത്ത സംസ്കൃതിയുടെയും വളർച്ചയ്ക്കും ഗതി മാറ്റങ്ങൾക്കും കാരണഭൂതരായ മുതിർന്ന പ്രതിഭകളെ ആദരിക്കാൻ കേരള സർക്കാർ സാംസ്ക്കാരിക വകുപ്പിന് വേണ്ടി ഗുരു ഗോപിനാഥ് നടനഗ്രാമം ഏർപ്പെടുത്തിയ ദേശീയ നാട്യ പുരസ്ക്കാരം 2025ന് ഭരതനാട്യം നർത്തകദമ്പതിമാരായ പദ്മഭൂഷൺ വി.പി. ധനഞ്ജയനും ശാന്ത ധനഞ്ജയനും അർഹരായി. സെക്രട്ടേറിയറ്റ് പി.ആർ. ചേമ്പറിൽ നടന്ന വാർത്താസമ്മേളനത്തിലാണ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പുരസ്കാര ജേതാക്കളെ പ്രഖ്യാപിച്ചത്. മൂന്ന് ലക്ഷം രൂപയും കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്ക്കാരം.

ഇന്ത്യൻ ക്ലാസ്സിക്കൽ-സർഗ്ഗാത്മക നൃത്തകലകളുടെ വികാസം, പ്രചാരം, പരിശീലനം, ആവിഷ്ക്കരണം എന്നീ മേഖലകളിൽ മൗലികമായ സമഗ്ര സംഭാവന നൽകിയ നൃത്ത പ്രതിഭകളെ ആദരിക്കാനാണ് ദേശീയ നാട്യ പുരസ്ക്കാരം പ്രധാനമായും നൽകുന്നത്.

പ്ലാനിംഗ് ബോർഡ് അംഗം ഡോ ജിജു പി അലക്സ് ആക്ടിങ് ചെയർമാനായി, നടനഗ്രാമം സെക്രട്ടറി ശബ്ന ശ്രീദേവി ശശിധരൻ, കലാമണ്ഡലം റെജിസ്ട്രർ ഡോ രാജേഷ് കുമാർ, സംഗീത നാടക അക്കാദമി സെക്രട്ടറി കരിവള്ളൂർ മുരളി, ഹിസ്റ്റോറിയൻ ഡോ. വേലായുധൻ നായർ, കുക്കു പരമേശ്വരൻ, സോനാ നായർ, കേരള യൂണിവേഴ്സിറ്റി പ്രതിനിധി ഡോ രാജ വാരിയർ തുടങ്ങി 9 അംഗങ്ങൾ അടങ്ങുന്ന ദേശീയ വിദഗ്ധ സമിതിയാണ് പ്രാരംഭഘട്ട വിലയിരുത്തലുകൾ നടത്തിയത്. ശേഷം കഥക് നർത്തകി പദ്മശ്രീ നളിനി ആസ്ഥാന ചെയർപേഴ്സണായ സമിതിയാണ് പുരസ്കാര ജേതാക്കളെ തിരഞ്ഞെടുത്തത്. സാംസ്കാരിക വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, നടനഗ്രാമം സെക്രട്ടറി ശ്രീമതി ശബ്ന ശശിധരൻ, മോഹിനിയാട്ടം നർത്തകി അശ്വതി നായർ എന്നിവരാണ് പുരസ്കാര നിർണ്ണയ സമിതിയിലെ മറ്റ് അംഗങ്ങൾ.

# ഡീപ്-ടെക് രംഗത്ത് കേരളത്തിന് കരുത്തേകാൻ ട്രെസ്റ്റ് അക്കാദമിക്ക് തുടക്കം

അത്യാധുനിക ഇലക്ട്രോണിക്സ്, ഇലക്ട്രിക് മൊബിലിറ്റി മേഖലകളിൽ കേരളത്തെ ആഗോളതലത്തിൽ അടയാളപ്പെടുത്താൻ ലക്ഷ്യമിട്ട് തിരുവനന്തപുരം ട്രെസ്റ്റ് റിസർച്ച് പാർക്കിൽ ട്രെസ്റ്റ് അക്കാദമി പ്രവർത്തനമാരംഭിക്കുന്നു. വ്യവസായ ആവശ്യങ്ങൾക്കനുസൃതമായ പ്രായോഗിക നൈപുണ്യമുള്ള എഞ്ചിനീയർമാരെയും ടെക്നീഷ്യന്മാരെയും വാർത്തെടുക്കുന്ന ഒരു ഡീപ്-ടെക് ടാലന്റ് ഫാക്ടറിയായി ഈ അക്കാദമി മാറുമെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു സെക്രട്ടേറിയറ്റിലെ ചേംബറിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

വരാനിരിക്കുന്ന കേരള ഇവി ഇൻഡസ്ട്രിയൽ പാർക്കിന്റെ പ്രധാന തൊഴിൽ സേനയെ ഒരുക്കുന്നത് ഈ അക്കാദമിയായിരിക്കും. ഫാബ്ലെസ് സെമികണ്ടക്ടർ ഡിസൈൻ, ഇവി ഡ്രൈവ് ട്രെയിൻ എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിൽ നിലവിലുള്ള നൈപുണ്യക്കുറവ് പരിഹരിക്കുകയാണ് അക്കാദമിയുടെ പ്രധാന ലക്ഷ്യം. അഡ്വാൻസ്ഡ് ഇൻസ്ട്രുമെന്റേഷൻ സൗകര്യങ്ങളോടുകൂടിയ ലാബുകളിലൂടെ പവർട്രെയിൻ എഞ്ചിനീയറിംഗ്, മോട്ടോർ-ഇൻവെർട്ടർ വാലിഡേഷൻ, ഡിജിറ്റൽ ടിൻ നിർമ്മാണം എന്നിവയിൽ പരിശീലനം നൽകും.

ഫാബ്ലെസ് സെമികണ്ടക്ടർ ട്രാക്ക് വിഎൽഎസ് ഐ ഡിസൈൻ,എഫ് പി ജി എ പ്രോട്ടോടൈപ്പിംഗ്, ചിപ്പ് ടെസ്റ്റിംഗ്, വാലിഡേഷൻ എന്നിവയിലാണ് ഊന്നൽ. എഐ ആക്സിലറേറ്ററുകളെക്കുറിച്ചുള്ള ഗവേഷണങ്ങളും ഇതിന്റെ ഭാഗമാകും. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും അധ്യാപകർക്ക് പുതിയ സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുന്ന ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമും നടത്തും.

പ്രതിവർഷം ഇരുനൂറിലധികം പ്രൊഫഷണലുകൾക്ക് പരിശീലനം നൽകി ഇവി ഇൻഡസ്ട്രിയൽ പാർക്കുകളിലും മുൻനിര കമ്പനികളിലും തൊഴിൽ ലഭ്യമാക്കാൻ അക്കാദമി ഉദ്ദേശിക്കുന്നുണ്ട്.. സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങൾ വാലിഡേറ്റ് ചെയ്യുന്നതിനായി ലാബ് സൗകര്യങ്ങളും ഇവിടെ ലഭ്യമാക്കും. കെ-ഡിസ്ക് പദ്ധതിയുടെ സംസ്ഥാനതല ഏകോപനം നിർവ്വഹിക്കും. കേരളത്തെ സെമികണ്ടക്ടർ ഡിസൈനിലെയും ഇവി എഞ്ചിനീയറിംഗിലെയും ഒരു പ്രധാന റീജിയണൽ ഹബ്ബാക്കി മാറ്റാനാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

# സഹകരണ സംഘങ്ങളെ മികച്ച തലത്തിലേക്ക് വളർത്താൻ കഴിഞ്ഞതായി മന്ത്രി വി എൻ വാസവൻ

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളെ വലിയ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന മികച്ച തലത്തിലേക്ക് വളർത്താൻ കഴിഞ്ഞതായി സഹകരണ വകുപ്പ് മന്ത്രി വി. എൻ. വാസവൻ. കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സംസ്ഥാനതല ധനസഹായ വിതരണോദ്ഘാടനം തിരുവനന്തപുരം ജവഹർ സഹകരണ ഭവനിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

1969-ൽ രൂപീകരിച്ച സമയത്ത് നാമമാത്രമായ തുക മാത്രം കൈകാര്യം ചെയ്തിരുന്ന പ്രാഥമിക സംഘങ്ങൾ ഇന്ന് 1600 കോടിയിലധികം രൂപ കൈകാര്യം ചെയ്യുന്ന വലിയ പ്രസ്ഥാനങ്ങളായി മാറി. സാമ്പത്തിക രംഗത്ത് ഇത്രയും വലിയ മാറ്റങ്ങൾ ഉണ്ടായതുകൊണ്ടാണ് ക്രയവിക്രയങ്ങൾക്ക് കൂടുതൽ സംരക്ഷണം ഉറപ്പാക്കാൻ സഹകരണ നിയമത്തിൽ 57-ാമത് ഭേദഗതിയും ചട്ടങ്ങളും സർക്കാർ കൊണ്ടുവന്നത്.

കരുവന്നൂർ ബാങ്കിലെ പ്രതിസന്ധി ഉയർന്നുവന്നപ്പോൾ സഹകരണ വകുപ്പ് സജീവമായി ഇടപെട്ടു. വെൽഫെയർ ബോർഡിന്റെയും കേരള ബാങ്കിന്റെയും സഹായത്തോടെ പ്രത്യേക കൺസോർഷ്യം രൂപീകരിച്ച്, 170 കോടി രൂപ നിക്ഷേപകർക്ക് ചുരുങ്ങിയ കാലം കൊണ്ട് തിരികെ നൽകാൻ കഴിഞ്ഞു. കൂട്ടായ പരിശ്രമം ഉണ്ടായാൽ സഹകരണ സംഘങ്ങളെ സംരക്ഷിച്ചെടുക്കാൻ കഴിയും എന്നതിന്റെ ഉദാഹരണമാണ് ഈ നേട്ടം.

പ്രതിസന്ധി നേരിടുന്ന സംഘങ്ങളെ സഹായിക്കാൻ സർക്കാർ രണ്ട് പ്രധാന പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിൽ ആദ്യത്തേത് പുതുക്കിയ നിക്ഷേപ ഗ്യാരന്റി സ്കീമാണ്. നേരത്തെ ഒരു ബാങ്ക് ലിക്വിഡേഷനിലേക്ക് പോകുന്ന ഘട്ടത്തിൽ മാത്രം 2 ലക്ഷം രൂപ നൽകിയിരുന്ന സ്ഥാനത്ത് ഇപ്പോൾ പ്രതിസന്ധി ഘട്ടത്തിൽ തന്നെ പരമാവധി 10 ലക്ഷം രൂപ വരെ നിക്ഷേപകർക്ക് നൽകാൻ സാധിക്കും. രണ്ടാമത്തെ പദ്ധതിയായ പുനരുദ്ധാരണ നിധിയിൽ നിന്നുള്ള സഹായമാണ് ഇന്നിവിടെ വിതരണം ചെയ്തത്. കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട്, വിലസ്ഥിരതാ ഫണ്ട് തുടങ്ങിയവയുടെ ബാക്കി വരുന്ന തുകകൾ കേരളാ ബാങ്കിൽ സമാഹരിച്ചാണ് പുനരുദ്ധാരണ നിധി രൂപീകരിച്ചിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. പുനരുദ്ധാരണ നിധിയിൽ നിന്നും സഹായം ലഭിക്കുന്ന ബാങ്കുകൾ ആ തുക ഉപയോഗിച്ച് സ്വർണ്ണപ്പണയം, ചെറുകിട വായ്പകൾ തുടങ്ങിയ ബിസിനസുകൾ ആരംഭിച്ച് പ്രവർത്തനക്ഷമമാകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വരവൂർ സർവീസ് സഹകരണ ബാങ്ക് (10 കോടി രൂപ), കട്ടപ്പന റൂറൽ ഡെവലപ്പ്മെന്റ് സഹകരണ സംഘം (6 കോടി രൂപ), പത്തനംതിട്ട വലിയകുളം സർവീസ് സഹകരണ ബാങ്ക് (5 കോടി രൂപ), തേക്കുതോട് സർവീസ് സഹകരണ ബാങ്ക് (7 കോടി രൂപ), ചെങ്ങരൂർ സർവ്വീസ് സഹകരണ ബാങ്ക് (2 കോടി രൂപ), കുറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് (5.32 കോടി രൂപ) എന്നിവയ്ക്കുള്ള ധനസഹായം മന്ത്രി വിതരണം ചെയ്തു.വനിതാഫെഡ് വഴി സൂതികാമിത്രം പരിശീലനം പൂർത്തിയാക്കിയ 37 വനിതകൾക്കുള്ള സർട്ടിഫിക്കറ്റും മന്ത്രി ചടങ്ങിൽ വിതരണം ചെയ്തു.

സഹകരണ വകുപ്പ് സെക്രട്ടറി ഡോ. വീണ എൻ മാധവൻ അധ്യക്ഷത വഹിച്ചു. സഹകരണ സംഘം രജിസ്ട്രാർ ഡോ. ഡി. സജിത് ബാബു, സംസ്ഥാന സഹകരണ യൂണിയൻ ചെയർപേഴ്സൺ കോലിയക്കോട് എൻ കൃഷ്ണൻ നായർ, വനിത ഫെഡ് പ്രസിഡന്റ് ശ്രീജ കെ, ആയുഷ് സ്റ്റേറ്റ് പ്രോഗ്രാം മാനേജർ സജി തുടങ്ങിയവർ പങ്കെടുത്തു.



കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സംസ്ഥാനതല ധനസഹായ വിതരണോദ്ഘാടനം മന്ത്രി വി.എൻ വാസവൻ നിർവഹിക്കുന്നു.